**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5610** **13-08-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം ബ്രാഞ്ച് ചാനലിന്റെ കട്ട്& കവർ ന്റെ ഇൻലെറ്റ്& ഔട്ട് ലെറ്റ് നീളം കൂട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കോവളം നിയോജകമണ്ഡലത്തിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ വിഴിഞ്ഞം ബ്രാഞ്ച് ചാനലിന്റെ 7100 ചെയ്നേജിൽ ഉള്ള കട്ട് &കവറിൽ ഇരുവശത്തേയും മണ്ണിടിഞ്ഞു വീണ് കനാൽ ബണ്ട് റോഡ് അപകടാവസ്ഥയിലായതിനാലും ചാനലിൽ നിന്നും വളരെ ഉയരത്തിലാണ് കനാൽ ബണ്ട് റോഡ് സ്ഥിതി ചെയ്യുന്നത് എന്നതിനാലും വാഹനങ്ങൾ കനാലിലേക്ക് വീഴുന്നതിനും യാത്രക്കാർക്കും പ്രദേശവാസികൾക്കും അപകടം ഉണ്ടാകുന്നതിനുമുള്ള സാധ്യത പരിഗണിച്ച് ഈ കട്ട്&കവർ ന്റെ ഇൻലെറ്റ് & ഔട്ലെറ്റ് നീളം കൂട്ടി കനാലും റോഡും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | നിലവിലുള്ള കട്ട് & കവർ രണ്ട് വശത്തേക്കും നീട്ടുന്നതിന് ഏകദേശം 1 കോടി രൂപ ചെലവ് വരും. കനാലിന്റെ വാർഷിക അറ്റകുറ്റ പണികൾക്ക് നൽകുന്ന ഫണ്ടിൽ നിന്നും ഇതിലേക്കായി തുക മാറ്റി വയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നില്ല. ആയതിനാൽ ഇതിനായി പ്രത്യേക ഫണ്ട് കണ്ടെത്തിയാൽ മാത്രമേ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയുള്ളൂവെന്നതിനാൽ പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ